**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1715 10.02.2020 ൽ മറുപടിക്ക്

**പ്രൈവറ്റ്,എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാരുടെ തസ്തിക**

**ചോദ്യം**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**

**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | അഞ്ചു കോഴ്സുകളും അഞ്ഞൂറിൽ താഴെ കുട്ടികളുമുള്ള പ്രൈവറ്റ്, എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാരെ ഏതു ഗ്രേഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | അഞ്ചു കോഴ്സും, അഞ്ഞൂറിൽ താഴെ കുട്ടികളുമുള്ള പ്രൈവറ്റ്, എയ്ഡഡ് കോളേജുകളെ 'E' ഗ്രേഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് |
| (ബി) | ഇത്തരം കോളേജുകളുടെ അനധ്യാപക ജീവനക്കാരുടെ എണ്ണം 15-ൽ നിന്നും 8 ആയി പരിമിതപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് അടിസ്ഥാനമായ പഠനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു |
| (സി) | ഇത്തരം കോളേജുകളിൽ ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ടെങ്കിലും ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നൽകാത്തതിനാൽ കോളേജുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) | ഏതെങ്കിലും കോളേജിന്റെ പരാതി ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) | ഈ വിഷയത്തിൽ ലഭിച്ച അപേക്ഷ അനന്തര നടപടിക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട് |
| (ഇ) | ഇത്തരം കോളേജുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തിക നിലനിർത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

2502461/2018/H EDN

ഭരണഭാഷ - മാതൃഭാഷ

## എയ്ഡഡ് കോളേജുകളുടെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ കോ-ഓർഡിനേറ്റർ സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ട്

എയ്ഡഡ് കോളേജുകളുടെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിന് 29.02.2016 - ൽ സർക്കാർ പുറപ്പെടുവിച്ച 60/16/ഉ.വിവ ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിന് 21.12.2017-ൽ ഉത്തരവ് (ആർ.റ്റി)നം.2311/2017/ഉ.വിവ പ്രകാരം ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കോ-ഓർഡിനേറ്ററായും സംഘടനാ പ്രതിനിധിയായ ശ്രീ.സത്യാനന്ദൻ അംഗമായും ഒരു അനോമലി കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു.

ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷയായി അനോമലി കമ്മിറ്റി 25.01.2018, 07.03.2018 എന്നീ ദിവസങ്ങളിൽ രണ്ടു മീറ്റിങ്ങുകൾ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ ചേംബറിൽ നടത്തി. ഈ മീറ്റിങ്ങുകളിൽ സംഘടനാ പ്രതിനിധിയായ ശ്രീ.സത്യാനന്ദൻ പങ്കെടുത്തു. ഈ ദിവസങ്ങളിൽ നടത്തിയ മീറ്റിങ്ങുകളുടെ മിനിറ്റ്സുകൾ തയ്യാറാക്കുകയും ചെയ്തു. മേൽ പ്രസ്താവിത യോഗങ്ങളുടെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജ് അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണ അനോമലി ഉത്തരവിൽ ഉൾപ്പെടുത്തേണ്ട ശിപാർശകൾ ചുവടെ ചേർക്കുന്നു.

1. 29.02.2016 ലെ 60/16/ഉ.വി.വ ഉത്തരവിൽ 'ഡി' ഗ്രേഡിന് 6 മുതൽ 8 കോഴ്സുകളും 500 വിദ്യാർത്ഥികളും എന്ന മാനദണ്ഡം ചേർക്കാവുന്നതാണ്. ഇത്തരം 'ഡി' ഗ്രേഡ് കോളേജുകളുടെ പാറ്റേൺ 60/16 ഉത്തരവ് പ്രകാരം പുനർ നിർണ്ണയിക്കാവുന്നതാണ്.
2. 'ഡി' ഗ്രേഡിൽ ഉൾപ്പെടാത്ത എല്ലാ കോളേജുകളെയും ഉൾപ്പെടുത്തി 'ഇ' ഗ്രേഡ് പുനഃസ്ഥാപിക്കാവുന്നതാണ്.
3. പുതിയ 'ഇ' ഗ്രേഡ് കോളേജുകൾക്ക് ഹെഡ് അക്കൗണ്ടന്റ് - 1, ക്ലാർക്ക് - 2, എൽ.ഡി കംപ്യൂട്ടർ അസിസ്റ്റന്റ് - 1, ലൈബ്രേറിയൻ ഗ്രേഡ് IV/യുജിസി ലൈബ്രേറിയൻ - 1, ലൈബ്രറി അസിസ്റ്റന്റ് - 1, ഓഫീസ് അറ്റൻഡന്റ് - 2 എന്നിങ്ങനെ 8 തസ്തികകൾ അനുവദിക്കാവുന്നതാണ്.
4. പുതിയ 'ഇ' ഗ്രേഡ് കോളേജുകളിലെ സയൻസ് കോഴ്സുകളുടെ പ്രാക്ടിക്കൽ ലാബുകൾ പരിഗണിച്ച് 60/16 - ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം ലാബ്

GOVERNMENT OF KERALA 2017-18

അസിസ്റ്റന്റ്, എൽ.ഡി സ്റ്റോർകീപ്പർ, മെക്കാനിക്ക്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ അനുവദിക്കാവുന്നതാണ്.

5. ഐച്ഛിക വിഷയങ്ങൾ മാത്രം പരിഗണിച്ച് എൽ.ഡി സ്റ്റോർകീപ്പർ, ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ അനുവദിക്കാവുന്നതാണ്.
6. BPEd കോഴ്സുകൾ ഉള്ള എയ്ഡഡ് കോളേജുകൾക്ക് ഒരു മാർക്കർ തസ്തിക അനുവദിക്കാവുന്നതാണ്.
7. ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് എൽ.ഡി സ്റ്റോർകീപ്പർ തസ്തിക കൂടെ കണക്കിലെടുക്കാവുന്നതാണ്.
8. 500 - ൽ കുറവ് വിദ്യാർത്ഥികളും 6 - ൽ കുറവ് കോഴ്സുകളും ഉള്ള ഏതെങ്കിലും ആർട്സ് & സയൻസ് കോളേജുകളുടെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ 29.02.2016 ലെ 60/16/ഉ.വിവ ഉത്തരവിന് വിധേയമായി പരിഷ്ക്കരിച്ച് പ്രൊമോഷനും ഗവൺമെന്റ് പ്രതിനിധി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി മുഖേന നിയമനങ്ങളും നടത്തിയിട്ടുണ്ടെങ്കിൽ ടി ജീവനക്കാരെ സൂപ്പർ ന്യൂമററിയായി നിലനിറുത്തി അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുനഃപരിഷ്ക്കരിക്കാവുന്നതാണ്.
9. 29.02.2016 ലെ 60/16/ഉ.വിവ പ്രകാരം അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചപ്പോൾ 'ഡി' ഗ്രേഡിൽ ഉൾപ്പെട്ട കോളേജുകൾക്ക് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിച്ചിരുന്നില്ല. എന്നാൽ അനോമലി കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പുനഃപരിഷ്ക്കരിക്കുമ്പോൾ വീണ്ടും 'ഡി' ഗ്രേഡ് പദവി ലഭിക്കുന്ന ഏതെങ്കിലും എയ്ഡഡ് കോളേജുകളിൽ മാനേജുമെന്റ് അർഹനായ ജീവനക്കാരന് 29.02.2016 നു ശേഷം നൽകിയ ജൂനിയർ സൂപ്രണ്ട് പ്രൊമോഷൻ മാനേജരുടെ പ്രൊമോഷൻ ഉത്തരവ് തീയതി/ജോലിയിൽ പ്രവേശിച്ച തീയതി (ഏതാണോ അവസാനം നടന്നത്) പ്രാബല്യത്തിൽ അംഗീകരിച്ചു നൽകാവുന്നതാണ്.
10. യുജിസി ഗ്രാന്റ് ലഭിക്കുന്ന എല്ലാ ഗ്രേഡ് കോളേജുകൾക്കും യുജിസി ലൈബ്രേറിയൻ തസ്തിക അംഗീകരിച്ചു നൽകാവുന്നതാണ്.

എം.എസ്. ജയ ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ &
അനോമലി കമ്മിറ്റി കോ-ഓർഡിനേറ്റർ

ഡി.ജി.05.05.2018

സെക്ഷൻ ഓഫീസർ